LIBRARY ARCHIVES Kerala Legislative Assembly

പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റുകൾ

36 (3782) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റുകൾ മതിയായത്ര നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എയ്ഡഡ് മേഖലയിൽ ഇവ സമയബന്ധിതമായി നിർമ്മിക്കുന്നതിന് മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തദ്ദേശസ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ, എസ്.എസ്.എ., സ്കൂൾ മാനേജ്മെന്റ് എന്നിവയുടെ ഫണ്ട്, എം.എൽ.എ. ഫണ്ട്, എം.പി ഫണ്ട് എന്നിങ്ങനെ വിവിധ സ്രോതസ്സുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റ് സൗകര്യം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സ്കൂൾ വർഷാരംഭത്തിൽ തന്നെ എല്ലാ സ്കൂളുകളിലും ടോയ്‌ലറ്റ്, യൂറിനൽ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുവാനും ജല ലഭ്യത ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ എല്ലാ ജില്ലകളിലേയും ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ., മാനേജ്മെന്റ് പ്രതിനിധികൾ എന്നിവരുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ മീറ്റിംഗിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സ്കൂളുകളിൽ പ്രാഥമിക സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ചെലവ്

37 (3783) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ കുടിവെള്ളം, മൂത്രപ്പുര, ടോയ്‌ലറ്റ് എന്നിവയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര സ്കൂളുകൾ പെൺകുട്ടികൾ പഠിക്കുന്നവയാണ് ;

(സി) എത്ര സ്കൂളുകളിൽ ഈ സൗകര്യങ്ങൾ പെൺകുട്ടികൾക്ക് പ്രത്യേകമായി ഏർപ്പെടുത്തിയിട്ടുണ്ട് ;

(ഡി) ഈ സൗകര്യങ്ങൾ ഇല്ലാത്ത എത്ര വിദ്യാലയങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) 2008-09, 2009-10 എന്നീ ഓരോ വർഷങ്ങളിലും ബഡ്ജറ്റിൽ എത്ര തുക ഇതിനായി നീക്കിവച്ചു ;

(എഫ്) ഈ വർഷങ്ങളിൽ ഇതിൽനിന്ന് എത്ര തുക ചെലവഴിച്ചു ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 2008-09 വർഷത്തിൽ 393.30 ലക്ഷം രൂപയും 2009-10 വർഷത്തിൽ 393.70 ലക്ഷം രൂപയും നീക്കി വച്ചു.

(എഫ്) 2008-09 വർഷത്തിൽ 393.30 ലക്ഷം രൂപയും 2009-10 വർഷത്തിൽ 393.70 ലക്ഷം രൂപയും ചെലവഴിച്ചു.

ആരോഗ്യവും കായികവിദ്യാഭ്യാസവും എന്ന പാഠ്യപദ്ധതി സ്കൂൾ തലത്തിൽ നടപ്പാക്കണമെന്ന നിർദ്ദേശം

38 (3784) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ, സ്പോർട്സ് അഭിരുചി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 'ആരോഗ്യവും കായിക വിദ്യാഭ്യാസവും' എന്ന പാഠ്യപദ്ധതി, സ്കൂൾ തലത്തിൽ നടപ്പാക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ടോ ;

(ബി) നടപ്പ് അദ്ധ്യയന വർഷത്തിൽ, പ്രസ്തുത പദ്ധതിക്കായി, ഏതെല്ലാം ക്ലാസ്സുകളിൽ, ഇതു സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനുപുറമെ സ്കൂൾ തലത്തിൽ, വിദ്യാർത്ഥികളിൽ സ്പോർട്സ് അഭിനിവേശം വളർത്തുന്നതിന് ഈ വർഷം എന്തൊക്കെ പുതിയ പദ്ധതികൾക്കാണ് രൂപം നൽകിയിരിക്കുന്നത് ;

(ഡി) ഇതിനായി, സംസ്ഥാന സ്പോർട്സ് വകുപ്പുമായും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവുമായി എന്തൊക്കെ ചർച്ചകൾ നടത്തുകയുണ്ടായി ;

(ഇ) വിദ്യാഭ്യാസ വകുപ്പിന്റെയും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെയും എന്തൊക്കെ നിർദ്ദേശങ്ങളാണ് ഇക്കാര്യത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളിലാണ് ഇതു സംബന്ധിച്ച പാഠഭാഗങ്ങൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly